4130

KUDUMBASHREE PROJECT - POVERTY ERADICATION MISSION
6 AUG 2011
Govt. of Kerala
Thiruvananthapuram
695 011

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള പ്രത്യേക അയൽക്കൂട്ട രൂപീകരണത്തിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്) ബൈലോയിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(പി) നം. 162/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 29/07/2011.**

---

പരാമർശം:- 1. സ.ഉ (പി) നമ്പർ 222/08/തസ്വഭവ തീയതി 08-08-08
2. സ.ഉ (പി) നമ്പർ 265/08/തസ്വഭവ തീയതി 10-10-08
3. സ.ഉ (പി) നമ്പർ 218/2010/തസ്വഭവ തീയതി 30-09-10
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13/07/2011 ലെ കെ.എസ്/എൽ/392/2008 നമ്പർ കുറിപ്പ്.

**<u>ഉത്തരവ്</u>**

പരാമർശം 1- ലെ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്നിട്ടുള്ള കുടുംബശ്രീ സി.ഡി.എസ് ബൈലോയിലെ അനുച്ഛേദം 7.1.6 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്.

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്വയമേവ കൂട്ടം ചേർന്ന് അവകാശങ്ങൾ സംരക്ഷിക്കാൻ ശേഷിക്കുറവായതിനാൽ അവരുടെ കുടുംബങ്ങൾക്ക് പ്രാതിനിധ്യം നല്കി അയൽക്കൂട്ടം രൂപീകരിക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്ത് എല്ലായിടത്തും ഒരേപോലെ രൂപീകരിക്കപ്പെടേണ്ട ഒന്നാകായാൽ ഈ പ്രത്യേക അയൽക്കൂട്ടത്തിന് പൊതുവായ സംഘരൂപീകരണ നിബന്ധന ഉണ്ടാകുന്നത് സഹായകരമായിരിക്കും. ഈ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലെ നിലവിലുള്ള മാനദണ്ഡങ്ങളിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തി മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള പ്രത്യേക അയൽക്കൂട്ടം രൂപീകരിക്കുന്നതിന് അനുമതി നല്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 4 ലെ കുറിപ്പിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള പ്രത്യേക അയൽക്കൂട്ട രൂപീകരണത്തിനായി കുടുംബശ്രീ സി.ഡി.എസ്. ബൈലോയിൽ ഇതോടൊപ്പം

അനുബന്ധം-1 ആയി ചേർത്തിരിക്കുന്ന തരത്തിലുള്ള ഭേദഗതികൾ വരുത്തിക്കൊണ്ടും അനുബന്ധം 2 ആയി ചേർത്തിട്ടുള്ള അയൽക്കൂട്ട പ്രവേശന ഫാറത്തിന് അംഗീകാരം നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഈ കൂട്ടിച്ചേർക്കലുകൾ ഒഴികെ അയൽക്കൂട്ടം സംബന്ധിച്ച മറ്റെല്ലാ നിബന്ധനകളും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾക്കും ബാധകമായിരിക്കും.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**സി.ജെ. പ്രദീപ്കുമാർ**
**ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം;
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**